<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1307</u> <u>18-01-2021 - ൽ മറുപടിയ്ക്ക്</u>

<u>മഞ്ചേരി നിയോജക മണ്ഡലത്തിലെ എലമ്പ്രയിൽ എൽ.പി. സ്കൂൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . ഉമ്മർ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ എലമ്പ്ര പ്രദേശത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 8849/2017 -നമ്പർ പൊതു താൽപ്പര്യ ഹർജിയിൽ എലമ്പ്രയിൽ ഒരു ഗവണ്മെന്റ് എൽ. പി. സ്കൂൾ ആരംഭിക്കുന്നതിന്, ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പ്രസ്തുത 'എലമ്പ്ര' എന്ന പ്രദേശത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനു വേണ്ടി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. |
| (സി) | ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൽ.പി.സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | പുതിയതായി സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന- തുമായ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WA No. 1140/2018 മേൽ 10.7.2019-ലെ ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരെ ബഹു.സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ SLP (C) നം.27966-27970/19 ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പക്കലുള്ള നിലവിലുള്ള ഫയലിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | സർക്കാരിന്റെ F3/130/2020-GEDN- നം. ഫയലിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ